# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 14

# വാർത്താക്കുറിപ്പ്

## എം. ജി. പി. ജി. ഏകജാലകം മൂന്നാം ഘട്ട അലോട്‌മെന്റ്: ഓപ്ഷനുകൾ ഇന്ന് (ജൂൺ 15) വൈകീട്ട് അഞ്ചുവരെ പുനക്രമീകരിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴിയുള്ള ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിന് പരിഗണിക്കുന്നതിനായി അപേക്ഷകർക്ക് ഓപ്ഷനുകൾ പുനക്രമീകരിക്കുവാൻ ഇന്ന് (ജൂൺ 15) വൈകീട്ട് അഞ്ചുവരെ സൗകര്യം ലഭിക്കും. ആപ്ലിക്കേഷൻ നമ്പർ, പാസ് വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനക്രമീകരണം നടത്താവുന്നതാണ്. പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നും രണ്ടും അലോട്‌മെന്റ് വഴി താത്കാലിക പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കണം. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വരാം. ഇങ്ങനെ മാറ്റം ലഭിച്ചാൽ പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കണം. ആദ്യ അലോട്ട്മെന്റ് നഷ്ടപ്പെടും. സ്ഥിരപ്രവേശം എടുത്ത വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതില്ല.

(പി.ആർ.ഒ./39/1084/2019)

## പുതുക്കിയ പരീക്ഷ തീയതി

മഹാത്മാ ഗാന്ധി സർവകലാശാല പി.എച്ച്.ഡി. പരീക്ഷയിൽ മാറ്റിവച്ച സോഷ്യോളജി, ജേർണലിസം, ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് എന്നീ വിഷയങ്ങളുടെ പരീക്ഷകൾ ജൂൺ 19ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ സർവകലാശാല കാമ്പസിലെ സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടക്കും.

(പി.ആർ.ഒ./39/1085/2019)

## ഒന്നാം വർഷ പി.ജി. ക്ലാസ്സുകൾ ജൂൺ 17ന് ആരംഭിക്കും

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ആർട്‌സ് ആൻഡ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ പി ജി ക്ലാസ്സുകൾ ജൂൺ 17ന് ആരംഭിക്കും. എല്ലാ പ്രിൻസിപ്പൽമാരും ഇതനുസരിച്ച് ക്രമീകരണങ്ങൾ നടത്തണം.

(പി.ആർ.ഒ./39/1086/2019)

## എം.എ. ഹിസ്റ്ററി, ആന്ത്രോപോളജി ക്ലാസുകൾ ജൂൺ 17ന് ആരംഭിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പുല്ലരിക്കുന്ന് സ്‌കൂൾ ഓഫ് സോഷ്യൽ സയൻസസിലെ 2019-20 വർഷത്തെ എം.എ. ഹിസ്റ്ററി, ആന്ത്രോപോളജി ക്ലാസുകൾ ജൂൺ 17ന് രാവിലെ 10ന് ആരംഭിക്കും. പ്രവേശനം ലഭിച്ചവർ രാവിലെ 10ന് മുമ്പായി പഠനവകുപ്പിൽ എത്തണം.

(പി.ആർ.ഒ./39/1087/2019)

## പ്രാക്ടിക്കൽ

2019 മാർച്ച്-മെയ് മാസങ്ങളിൽ നടന്ന നാലാം സെമസ്റ്റർ ബി.എസ്‌സി. ബയോടെക്‌നോളജി (സി.ബി.സി.എസ്. - റഗുലർ, സി.ബി.സി.എസ്.എസ് - സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 18

മുതൽ ജൂലൈ മൂന്നുവരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1088/2019)

നാലാം സെമസ്റ്റർ ബി.സി.എ. (സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) മാർച്ച് 2019 യു.ജി. പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 20ന് മാറമ്പള്ളി എം.ഇ.എസ്. കോളേജ്, എരുമേലി എം.ഇ.എസ്. കോളേജ് എന്നിവിടങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1089/2019)

ഒന്നാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്, 2013-2016 അഡ്മിഷൻ സി.ബി.സി.എസ്.എസ്. റീഅപ്പിയറൻസ്) ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 19നും ഒന്നാം സെമസ്റ്റർ ബി.എസ്.സി. മാത്തമാറ്റിക്സ് (വൊക്കേഷണൽ മോഡൽ II - കമ്പ്യൂട്ടർ സയൻസ്) ജൂൺ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 20നും നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1090/2019)

ഒന്നാം സെമസ്റ്റർ എം.സി.എ. ഏപ്രിൽ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 20, 21 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1091/2019)

## എം.ടി.ടി.എം.; സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ എം.ടി.ടി.എം. (മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ്) പ്രോഗ്രാമിൽ 2019-20 അധ്യയന വർഷത്തിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ അസൽ രേഖകളുമായി ജൂൺ 17ന് രാവിലെ 10ന് പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732922.

(പി.ആർ.ഒ./39/1092/2019)

## എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്; സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിൽ എസ്.സി. വിഭാഗത്തിൽ മൂന്നും എസ്.ടി. വിഭാഗത്തിൽ രണ്ടും സീറ്റൊഴിവുണ്ട്. സർവകലാശാലയുടെ അംഗീകാരമുള്ള ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ ഐ.ടി., ബി.സി.എ./ കമ്പ്യൂട്ടർ സയൻസ് മുഖ്യവിഷയമായുള്ള ബിരുദം എന്നിവയാണ് യോഗ്യത. താല്പര്യമുള്ളവർ അസൽ രേഖകളുമായി ജൂൺ 19ന് രാവിലെ 10ന് നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731037.

(പി.ആർ.ഒ./39/1093/2019)

## എം.എ. ഹിസ്റ്ററി, ആന്ത്രോപോളജി; സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പുല്ലരിക്കുന്ന് സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലെ 2019-20 വർഷത്തെ എം.എ. ഹിസ്റ്ററി, ആന്ത്രോപോളജി വിഷയങ്ങളിലേക്ക് എസ്.സി./എസ്.ടി. വിഭാഗത്തിൽ രണ്ടുവീതം സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസൽ രേഖകളുമായി എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2392383, ഇമെയിൽ: sssmgu@gmail.com.

(പി.ആർ.ഒ./39/1094/2019)

## എം.എ. ഇംഗ്ലീഷ്; സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിൽ 2019-20 ബാച്ചിൽ എം.എ. ഇംഗ്ലീഷ് പ്രോഗ്രാമിൽ പട്ടികവർഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 18ന് രാവിലെ 11ന് പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731041.

(പി.ആർ.ഒ./39/1095/2019)

## പരീക്ഷഫലം

2019 ഏപ്രിൽ മൂന്ന്, നാല് തീയതികളിൽ നടന്ന എം.ബി.എ. ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) സ്പെഷൽ വൈവാവോസി/പ്രോജക്ട് ആന്റ് കോംപ്രഹെൻസീവ് വൈവാവോസി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1096/2019)

2019 ഏപ്രിലിൽ നടന്ന നാലാം സെമസ്റ്റർ ബി.എഡ്. (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1097/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ